**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 981** **29-06-2026-ൽ മറുപടിയ്ക്ക്**

**നെടുമങ്ങാട് - അരുവിക്കര - കുളക്കോട് റോഡിന്റെ റീച്ച് 1, റീച്ച് 2 പ്രവൃത്തി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** കിഫ്ബി ഫണ്ടുപയോഗിച്ച് അരുവിക്കര നിയോജകമണ്ഡലത്തിൽ നിർമ്മാണം നടന്നുവരുന്ന നെടുമങ്ങാട് - അരുവിക്കര - കുളക്കോട് റോഡിന്റെ റീച്ച് 1, റീച്ച് 2 എന്നിവയിലെ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

**മറുപടി:** നെടുമങ്ങാട്അരുവിക്കര-വെള്ളനാട് റോഡിൽ നെടുമങ്ങാട് മുതൽ അരുവിക്കര വരെയുള്ള First reach-ൽ 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. ലാൻറ് സർവ്വെയും കെട്ടിടങ്ങളുടെ മൂല്യനിർണ്ണയവും പുരോഗമിക്കുന്നു. രണ്ടാം റീച്ചിൽ അരുവിക്കര ജംഗ്ഷനിൽ 90% ന് മുകളിൽ ഭൂമി ഏറ്റെടുത്ത് റോഡ് വികസനം പുരോഗമിക്കുന്നു. അരുവിക്കര മുതൽ വെള്ളനാട് വരെയുള്ള ഭാഗത്ത് റോഡ് പൂർത്തിയാക്കുകയും ഇരുവശത്തും ഓട, berm തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി പുരോഗമിക്കുകയും ചെയ്യുന്നു.

**(ബി)** പ്രസ്തുത പദ്ധതിയിലെ ഭൂമി ഏറ്റെടുക്കൽ നടപടി കാലതാമസം കൂടാതെ പൂർത്തീകരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ?

**മറുപടി:** അരുവിക്കര മുതൽ വെള്ളനാട് വരെയുള്ള എല്ലാ കെട്ടിടങ്ങളുടെയും മൂല്യനിർണ്ണയം പൂർത്തിയാക്കി റവന്യ വകുപ്പിന് നൽകിയിട്ടുണ്ട്. നെടുമങ്ങാട് മുതൽ അരുവിക്കര വരെയുള്ള ഭാഗത്ത് 75% കെട്ടിടങ്ങളുടെ മൂല്യനിർണ്ണയം പൂർത്തിയായി. ശേഷിക്കുന്നവ നല്ല രിതിയിൽ പുരോഗമിക്കുന്നുണ്ട്. കൂടാതെ കിഫ്ബിയിൽ നിന്നും സ്ഥലം ഏറ്ററെടുക്കുന്നതിനാവശ്യമായ 103.9 കോടി രൂപ ലഭ്യമാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ നടന്നു വരികയുമാണ്.

**സെക്ഷൻ ഓഫീസർ**